(ബി) അതിനുള്ള ഭൂമി അക്വയർ ചെയ്തുവോ; അതിന് എത്ര ഭൂമിയാണ് വേണ്ടത്;

(സി) അവിടെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാനാണുദ്ദേശിക്കുന്നത്;

(ഡി) അവിടെ മൊത്തം എന്തു തുകയുടെ നിക്ഷേപം വരും എന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) അവിടെ നേരിട്ടും അല്ലാതെയും എത്ര പേർക്ക് തൊഴിൽ കിട്ടും എന്നുകൂടി വ്യക്തമാക്കാമോ?

ഉത്തരം

(എ—ഇ) അന്തിമ തീരുമാനമായിട്ടില്ല. പ്രാരംഭ ചർച്ചകൾ നടന്നുവരുന്നതേയുള്ളു. പദ്ധതിക്ക് മൊത്തം കണക്കാക്കിയിരിക്കുന്ന ചിലവ് 1500 കോടി രൂപയാണ്. ഇതിനായി 1000 ഏക്കർ ഭൂമി മൂന്നു ഘട്ടങ്ങളിലായി വേണ്ടിവരും. സാങ്കേതിക യോഗ്യതയുള്ള 75,000 പേർക്ക് നേരിട്ടും അതിനോടനുബന്ധിച്ച് നിരവധി പേർക്ക് അല്ലാതെയുമുള്ള ജോലികൾ ലഭിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

കൊച്ചിയിൽ കാർ നിർമ്മാണശാല

110 [115] ശ്രീ. വി. ജെ. പൗലോസ്:

" കെ. മുഹമ്മദാലി:

" ടി. എൻ. പ്രതാപൻ:

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക പ്രശസ്ത കാർ നിർമ്മാതാക്കളായ ബി. എം. ഡബ്ല്യു. കമ്പനിയുടെ കാർ നിർമ്മാണശാല കൊച്ചിയിൽ സ്ഥാപിക്കുന്ന കാര്യം തീരുമാനമായോ;

(ബി) എങ്കിൽ അതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) ഈ കാർ നിർമ്മാണശാലയിൽ എത്രപേർക്ക് തൊഴിൽ കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) ഇല്ല.

(ബി) സർക്കാർ മുന്നോട്ടുവച്ച ഓഫർ ബി. എം. ഡബ്ല്യു.-വിന്റെ പരിഗണനയിലാണ്. തീരുമാനം ഫെബ്രുവരി ആദ്യം പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രാവർത്തികമാകുകയാണെങ്കിൽ നേരിട്ട് 500 പേർക്കും അല്ലാതെ 2,500 പേർക്കും തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ടെക്നോപാർക്കിലെ കമ്പനികൾ

111 [116] ശ്രീ. എ. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം ടെക്നോപാർക്കിൽ ഇപ്പോൾ എത്ര കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ ലിസ്റ്റ് ലഭ്യമാക്കുമോ; ഓരോ കമ്പനിയും എത്ര രൂപ വാടകയ്ക്ക് ആണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വാടക അടയ്ക്കാത്ത കമ്പനികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; ഓരോ കമ്പനിയും സർക്കാരിലേക്ക് അടയ്ക്കേണ്ട വാടക കുടിശ്ശിക എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വാടക അടയ്ക്കാത്ത കമ്പനികളുടെമേൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിരിക്കുന്നു. †

(ബി) അനുബന്ധം ആയി ചേർത്തിരിക്കുന്നു. ††

(സി) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ

112 [117] ശ്രീ. ലൂഡി ലൂയിസ്:

ശ്രീമതി രാധാ രാഘവൻ:

ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ കൊച്ചിയിൽ സ്ഥാപിക്കുന്നതു സംബന്ധിച്ച് കൈക്കൊണ്ട തീരുമാനങ്ങൾ വിശദമാക്കാമോ;

---

† അനുബന്ധം VI കാണുക.

†† അനുബന്ധം VI(എ) കാണുക.

LIBRARY ARCHIVES Kerala Legislative Assembly